കൃഷി ഭവനുകൾ വഴിയും കൃഷി വകുപ്പിന്റെ കീഴിലുള്ള സെയിൽസ് കൗണ്ടറുകൾ വഴിയും ഫാമുകളിൽ നിന്ന് നേരിട്ടും വിതരണം ചെയ്യുന്നു.

നിറവ് പദ്ധതി

142 (1511) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിൽ നിറവ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ ;

(ബി) കൃഷിവകുപ്പ് ഈ ഗണത്തിൽ ഇതുവരെ ഏതെല്ലാം പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചു എന്നും ഏതെല്ലാം പദ്ധതികൾ അംഗീകരിച്ചു എന്നും ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിത്തുടങ്ങി എന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽ നിറവ് പദ്ധതിയുടെ ഭാഗമായി ചുവടെ പറയുന്ന പദ്ധതികൾ 2014-15 ൽ നടപ്പാക്കിയിട്ടുണ്ട് :

1. നെൽകൃഷി വികസന പദ്ധതി
2. ബയോഗ്യാസ് വികസന പദ്ധതി.
3. സുഗന്ധ വ്യഞ്ജന കൃഷി വികസന പദ്ധതി.
4. പച്ചക്കറി വികസന പദ്ധതി.
5. വിള ആരോഗ്യ പരിപാലനം
6. ആർ.കെ.വി.വൈ.
7. എസ്.എച്ച്.എം. പദ്ധതികൾ.
8. കേര സമൃദ്ധി
9. നെൽ കൃഷിക്കാർക്ക് ഉൽപ്പാദന ബോണസ്
10. പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി.

കൃഷിവകുപ്പിന്റെ സംസ്ഥാനാവിഷ്കൃതമായ മുഖ്യ പദ്ധതികളെല്ലാം തന്നെ കൊയിലാണ്ടി മണ്ഡലത്തിൽ 2014-15 -ൽ നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി പഞ്ചായത്തിനെ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി 'ഒരു വീട്ടിൽ ഒരു മാവ് ' എന്ന പദ്ധതി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖേന നടപ്പിലാക്കിയിരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2500 മാവിൻ തൈകൾ മൂടാടി പഞ്ചായത്തിലെ തിരഞ്ഞെടുത്ത വീടുകളിൽ വിതരണം ചെയ്തു.

(ബി) സംസ്ഥാനത്തെ വിവിധ നിറവ് മണ്ഡലങ്ങൾക്കായി കൃഷിവകുപ്പ് ചുവടെപ്പറയുന്ന പദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട് :

1. തരിശുഭൂമിയിൽ നെൽകൃഷി
2. കാർഷിക യന്ത്രവൽക്കരണം
3. ജാതി കൃഷി വികസനം
4. വാഴ കൃഷി വികസനം
5. തെങ്ങ് കൃഷി വികസനം
6. മണ്ണിര കമ്പോസ്റ്റ് നിർമ്മാണം
7. ബയോഗ്യാസ് വികസന പദ്ധതി
8. വെറ്റില കൃഷി
9. തൊഴിൽ സേന
10. കിഴങ്ങ് വർഗ്ഗ വികസനം
11. കരുമുളക് വികസനം
12. പച്ചക്കറി തൈകളുടെ വിതരണം
13. അഗ്രോ സർവ്വീസ് സെന്റർ
14. പൈനാപ്പിൾ കൃഷി വികസനം
15. മഴമറ നിർമ്മാണം
16. പാടശേഖരങ്ങളിൽ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തൽ
17. ഗ്രോ ബാഗിൽ പച്ചക്കറി

LIBRARY ARCHIVES Kerala Legislative Assembly

18. കരിമ്പ് കൃഷി വികസനം

19. തേനീച്ച വളർത്തൽ

20. ക്ഷീര കൃഷി

ഇവയിൽ ക്രമ നമ്പർ 1 മുതൽ 12 വരെയുള്ള പദ്ധതികൾ ആർ. കെ. വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി നിറവ് മണ്ഡലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കി പദ്ധതികൾ കൃഷിഭവന്റെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നിറവ് മണ്ഡലത്തിന് പ്രാധാന്യം നൽകി നടപ്പിലാക്കിവരുന്നു.

നിറവ് പദ്ധതി

143 (1512) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നിറവ് പദ്ധതിക്കായി ഫണ്ട് അനുവദിച്ചിട്ടില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എത്ര മണ്ഡലങ്ങളിൽ അനുവദിച്ചിട്ടുണ്ട് ; ഇതിലേയ്ക്കായി എത്ര കോടി രൂപ നൽകിയിട്ടുണ്ട് ; മണ്ഡലം തിരിച്ചുള്ള കണക്ക് വിശദമാക്കുമോ ;

(സി) ഈ വർഷം ഇതിനായി ഫണ്ട് അനുവദിക്കുമോ ?

ഉത്തരം

(എ) ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃതമായ പദ്ധതികളെല്ലാംതന്നെ നിറവ് നിയോജകമണ്ഡലങ്ങൾക്ക് പ്രാധാന്യം നൽകി നടപ്പിലാക്കിവരുന്നു.

(ബി) നിറവ് പദ്ധതി 86 നിയോജകമണ്ഡലങ്ങളിൽ അനുവദിച്ചിട്ടുണ്ട്. വിത്തുമുതൽ വിപണിവരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ഉൾപ്പെടുന്ന ഒരു പരിപാടിയാണ് നിറവ്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ കൂടി അതാതു മണ്ഡലങ്ങളിൽ നടപ്പിലാക്കാൻ തീരുമാനിക്കപ്പെടുന്ന പദ്ധതികൾ, കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃതമായ പദ്ധതികളിൽ ഉൾപ്പെടുത്തി നിറവ് മണ്ഡലങ്ങൾക്ക് പ്രാധാന്യം നൽകി നടപ്പിലാക്കിവരുന്നു. 2012-13 വർഷത്തിൽ

LIBRARY ARCHIVES Kerala Legislative Assembly